
# ഓൺലൈൻ ഗണിതക്ലാസ്സ് - X - 3 ( 21 / 06 /2021 )

## 1. സമാന്തരശ്രേണികൾ - ക്ലാസ്സ് 1

## വർക്ക് ഷീറ്റ്

1. ചിത്രത്തിലേതുപോലെ തീപ്പെട്ടിക്കമ്പുകൾ കൊണ്ട് രൂപങ്ങൾ ഉണ്ടാക്കാം.




a )ഒന്നാമത്തെ രൂപത്തിൽ ( ത്രികോണത്തിൽ )എത്ര തീപ്പെട്ടിക്കമ്പുകളുണ്ട് ?

b) ഇങ്ങനെ തുടർന്നാൽ , നാലാമത്തെ രൂപത്തിൽ എത്ര തീപ്പെട്ടിക്കമ്പുകളുണ്ടാകും ?

c) ഇങ്ങനെ തുടർന്നാൽ , ഓരോ രൂപവും ഉണ്ടാക്കാനെടുക്കുന്ന തീപ്പെട്ടിക്കമ്പുകളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക .

2. പൊട്ടുകളടുക്കി സമചതുരങ്ങളുണ്ടാക്കാം .



a) ഒന്നാമത്തെ സമചതുരത്തിൽ എത്ര പൊട്ടുകളുണ്ട് ?

b) ഇങ്ങനെ തുടർന്നാൽ , അഞ്ചാമത്തെ സമചതുരത്തിൽ എത്ര പൊട്ടുകളുണ്ടാകും ?

c) ഇങ്ങനെ തുടർന്നാൽ , ഓരോ സമചതുരത്തിലുമുള്ള പൊട്ടുകളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക .

3. a) 2 ൽ അവസാനിക്കുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി എഴതുക .

b) 2 , 7 എന്നീ അക്കങ്ങളിൽ അവസാനിക്കുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി എഴതുക .

4. a) 5 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 2 വരുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി എഴതുക .

b) എണ്ണൽസംഖ്യകളെ 5 കൊണ്ട് ഗുണിച്ച് 3 കുറച്ച് കിട്ടുന്ന സംഖ്യകളുടെ ശ്രേണി എഴതുക

SARATH A S , GHS ANCHACHAVADI , MALAPPURAM